**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **17-09-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ സർവീസ് പരീക്ഷാ ബോർഡ് വഴി എത്ര പേർക്ക് സഹകരണ സംഘങ്ങളിൽ നിയമനം ലഭിച്ചുവെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2473 ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിലായി നിയമന ശുപാർശ നൽകിയിട്ടുണ്ട്. |
| (ബി) | സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ബി) | സഹകരണ സർവീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.<br><br><u>1. ഒറ്റ തവണ രജിസ്ട്രേഷൻ</u><br><br>സഹകരണ സർവീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി മാതൃകയിൽ ഒറ്റതവണ രജിസ്ട്രേഷൻ സംവിധാനം ഒരുക്കി.<br><br><u>2. ഒഴിവുകൾ ഓൺലൈൻ റിപ്പോർട്ടിംഗ്</u><br><br>സഹകരണ സംഘങ്ങളുടെ ഒഴിവുകൾ ഓൺലൈൻ വഴി റിപ്പോർട്ട് ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br><u>3. അപേക്ഷകൾ ഓൺലൈൻ മുഖേന</u><br><br>അപേക്ഷകൾ ഓൺലൈൻ മുഖേന സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചു..<br><br><u>4. ഓൺലൈൻ പരീക്ഷ</u><br><br>സഹകരണ സർവീസ് പരീക്ഷാ ബോർഡ് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജനറൽ മാനേജർ, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് ഓൺലൈൻ പരീക്ഷകൾ നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | 5. പരീക്ഷാ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യവും, വേഗത്തിലുമാക്കി<br><br>പരീക്ഷകളുടെ മൂല്യനിർണ്ണയം ഓൺലൈൻ സംവിധാനം വഴി നടത്തി വരുന്നു. ഓൺലൈൻ പരീക്ഷ കഴിഞ്ഞ ഉദ്യോഗാർത്ഥികൾക്ക് അവരുടെ മാർക്കിനെ കുറിച്ച് സംശയമുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അവരുടെ പ്രൊഫൈലിൽ തന്നെ റെസ്പോൺസ് ഷീറ്റ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. മൂല്യ നിർണ്ണയത്തിന് ശേഷം ലഭ്യമായ യോഗ്യതാ പട്ടികയും, കൂടിക്കാഴ്ച്ചയ്ക്ക് ശേഷമുള്ള റാങ്ക് ലിസ്റ്റും ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ